# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **5435.**

**27-03-2018 ൽ മറുപടിയ്ക്ക്**

## കൃഷി ആവശ്യത്തിനുള്ള വൈദ്യുതി നിരക്കിൽ ഇളവ്

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി ആവശ്യത്തിനുള്ള വൈദ്യുതിയുടെ നിരക്കിൽ എന്തെങ്കിലും ഇളവ് നൽകുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ കർഷകർക്കാണ് ഇത്തരത്തിൽ ഇളവ് നൽകുന്നത്; എന്തൊക്കെ ഇളവുകളാണ് നൽകുന്നത്; ഇത്തരം കർഷകരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നെൽകർഷകർ, രണ്ട് ഹെക്ടർ വരെ കരഭൂമിയിൽ കൃഷിയുള്ള കർഷകർ, പോളിഹൗസ് കർഷകർ എന്നിവർക്ക് ഇളവ് നൽകുന്നുണ്ട്. കാർഷിക വൈദ്യുതി സൗജന്യം നെൽകർഷകർക്ക് ഭൂപരിധി ബാധകമല്ലാതെ നൽകി വരുന്നുണ്ട്. കരഭൂമിയിൽ 2 ഹെക്ടർ വരെ ഇതര വിളകൾ കൃഷി ചെയ്തിട്ടുള്ള കർഷകർക്കും 01.04.1997 മുതൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. ഒരു സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളിഹൗസ് കൃഷി ചെയ്യുന്ന കർഷകർക്കും പ്രതിമാസം 50 യൂണിറ്റ് വരെ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചു വരുന്നുണ്ട്.<br>കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനായി ഉപഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇപ്രകാരമാണ്.<br>1) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.<br>2) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.<br>3) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ. |

സെക്ഷൻ ഓഫീസർ